പാലക്കാട്-കുളപ്പുള്ളി റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിന് നടപടി

101 (2820) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-കുളപ്പുള്ളി റോഡ് സ്റ്റേറ്റ് ഹൈവേ ആയി നിർമ്മാണം നടത്താൻ സർക്കാർ നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെങ്കിലും ഏജൻസിയെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുണ്ടോ ;

(ബി) എത്ര കോടി രൂപയാണ് ഈ റോഡിന്റെ നിർമ്മാണത്തിന് കണക്കാക്കിയിട്ടുള്ളത് ; ഏത് ഏജൻസിയാണ് ഇതിനുള്ള പണം നൽകുന്നത് ;

(സി) ഇതിന്റെ നിർമ്മാണത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ഡി) ഈ പ്രവൃത്തിയിൽ ഒറ്റപ്പാലം കിഴക്കേതോട് പാലം, കണ്ണിയം പുറം പാലം എന്നിവ പുതുക്കിപ്പണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) ടാർ റോഡിന്റെ വീതി എത്രയായാണ് നിജപ്പെടുത്തിയിരിക്കുന്നത് ;

(എഫ്) ഈ പ്രവൃത്തിയിൽ ഒരു കിലോമീറ്റർ റോഡ് നിർമ്മിക്കുന്നതിന് എത്ര ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ജി) ഈ റോഡ് പണിയോടനുബന്ധിച്ച് വീടും സ്ഥലവും കെട്ടിടങ്ങളും നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരത്തുക നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെ ആണ് ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് ?

ഉത്തരം

(എ&ബി) പാലക്കാട്-കുളപ്പുള്ളി (ഷൊർണ്ണൂർ) റോഡ് ലോക ബാങ്ക് സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്ന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 82 കോടി രൂപയാണ് ഈ റോഡിന്റെ നിർമ്മാണ ചെലവ് കണക്കാക്കിയിട്ടുള്ളത്.

(സി) രണ്ട് വർഷംകൊണ്ട് ഈ പണികൾ പൂർത്തിയാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) 7 മീറ്റർ ക്യാരേജ്വേയും 5 മീറ്റർ ഷോർഡറും ഉൾപ്പെടെ 12 മീറ്റർ.

(എഫ്) ശരാശരി 1.75 കോടി രൂപ.

(ജി) റോഡുപണിയോടനുബന്ധിച്ച് വീടും സ്ഥലവും കെട്ടിടങ്ങളും നഷ്ടപ്പെടുന്നതിന് പൊന്നുംവില നടപടി ചട്ടങ്ങൾപ്രകാരമുള്ള നഷ്ടപരിഹാരത്തുക റവന്യൂ വകുപ്പ് മുഖേന നൽകുന്നതാണ്. കൂടാതെ അധിക സഹായമായി പുനഃസ്ഥാപന മൂല്യം (Replacement value), പുനരധിവാസചെലവ് (shifting charges), മാറ്റിപാർപ്പിക്കുന്നതിനുള്ള ചെലവ്, ഇടക്കാലവാസത്തിന് വാടക, ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്നവർക്ക് ഇടക്കാല ആശ്വാസം എന്നിവയും നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly